# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് നിയമസഭാ സാമാജികരിൽ നിന്നുള്ള ഒരു അംഗത്തിന്റെ തെരഞ്ഞെടുപ്പ്

[1994-ലെ ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാലാ ആക്ടിന്റെ 12-ാം വകുപ്പിലെ സിൻഡിക്കേറ്റ് എന്ന ശീർഷകത്തിലെ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്ന ഇനം അനുസരിച്ച്]

### വിജ്ഞാപനം

നമ്പർ 3864/ലെജിൻ-3/2011/ലെജി. തിരുവനന്തപുരം, 2011 ആഗസ്റ്റ് 1.

1994-ലെ 5-ാം നമ്പർ ആക്ടായ 1994-ലെ ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാലാ ആക്ടിലെ 12-ാം വകുപ്പും, 1997-ലെ ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ ഒന്നാം ഭേദഗതിയായി കൂട്ടിച്ചേർത്ത അദ്ധ്യായം XVIII-ഉം ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാ സാമാജികരിൽ നിന്നും ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാലാ സിൻഡിക്കേറ്റിലേക്ക് ഒരംഗത്തെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ചുവടെ പേർ ചേർത്തിട്ടുള്ള വരണാധികാരിയായ ഞാൻ ഇതിനാൽ അറിയിക്കുന്നതെന്തെന്നാൽ,—

1. ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാലാ സിൻഡിക്കേറ്റിൽ നിലവിലുള്ള ഒരു ഒഴിവ് നികത്തുന്നതിനായി കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന ആനുപാതിക പ്രാതിനിധ്യമനുസരിച്ച് കേരള നിയമസഭാ സാമാജികരിൽ നിന്ന് ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിക്കോ, അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2011 ആഗസ്റ്റ് മാസം 16-ാം തീയതി ചൊവ്വാഴ്ചക്കപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു ഒഴിവു ദിവസങ്ങളൊഴികെ) പകൽ 11 മണിക്കും 4 മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് 2011 ആഗസ്റ്റ് മാസം 17-ാം തീയതി ബുധനാഴ്ച പകൽ 11 മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് എടുക്കുന്നതും, സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നേദിവസം വൈകിട്ട് 4 മണിക്ക് തന്നെ നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധം ചെയ്യുന്നതുമാണ്.

KNPP. 719/2011.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ 2011 ആഗസ്റ്റ് മാസം 25-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് മുമ്പായി വരണാധികാരിയെ അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽവച്ച് ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2011 ആഗസ്റ്റ് മാസം 26-ാം തീയതി വെള്ളിയാഴ്ച നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള നോട്ടീസ് ബോർഡിൽ പ്രസിദ്ധം ചെയ്യുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്നപക്ഷം 2011 ആഗസ്റ്റ് മാസം 31-ാം തീയതി ബുധനാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

8. വോട്ടെടുപ്പിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിയും സമയവും 2011 സെപ്റ്റംബർ മാസം 15-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണി ആയിരിക്കുന്നതാണ്.

9. വോട്ടുകളുടെ സൂക്ഷ്മ പരിശോധനയും എണ്ണലും 2011 സെപ്റ്റംബർ മാസം 17-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് നിയമസഭാ സെക്രട്ടേറിയറ്റ് മന്ദിരത്തിലുള്ള സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

പി. ഡി. രാജൻ,
വരണാധികാരി,
സെക്രട്ടറി,
കേരള നിയമസഭ.